ലക്കം 37

# ഗോസ്പൽ ട്രൂത്ത്

**അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ**

For Private Circulation only

## ഉപമയുടെ ശക്തി

'ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ട് പ്രമാണിക്കുന്നവനൊക്കെയും പാറമേൽ തന്റെ വീട് പണിത ബുദ്ധിയുള്ള മനുഷ്യനോട് സമനാകുന്നു.". (മത്തായി. 7:24) എല്ലാവർക്കും ഗ്രഹിക്കത്തക്ക നിലയിൽ യേശു ഉപമകളിലൂടെ വളരെ ലളിതവും എന്നാൽ ഗൗരവമേറിയ വിഷയങ്ങൾ കാര്യക്ഷമമായ നിലയിൽ ജനങ്ങളെ ഉപദേശിച്ചുപോന്നു. ജനത്തിന്റെ ആത്മീയ നിലവാരം അറിഞ്ഞുകൊണ്ട് ആഴമേറിയ രൂപാന്തരം വരുത്തുവാൻ മതിയായ നിലയിലുള്ള തന്റെ പ്രഭാഷണങ്ങൾ ഒരു സെമിനാരിയുടെയും ബിരുദമോ, വാക്ക്ചാതുര്യത്തിന്റെ അകമ്പടിയോ ഇല്ലാതെ തന്നെ സാധാരണ മുഴുവൻ ജനത്തിനും പ്രകാശം പ്രദാനം ചെയ്യുവാൻ കഴിയുന്ന അഭിഷിക്ത വചനങ്ങളായിരുന്നു. ഇത്തരം ഉപമകൾ മനുഷ്യന്റെ വികാര വിവേക മണ്ഡലങ്ങളെ മാത്രമല്ല, ആത്മീയ ചിന്തകളെയും ഉണർത്തി ഉത്തേജിപ്പിക്കുവാൻ മതിയായവ ആയിരുന്നു. ബുദ്ധിമാന്റെയും ബുദ്ധിഹീനന്റെയും കഥപറഞ്ഞ് യേശു തന്റെ പ്രഭാഷണം ഉപസംഹരിച്ചപ്പോൾ അതുകേട്ട പുരുഷാരം അതിശയത്തോട് ഇപ്രകാരം  പറഞ്ഞു. "അവൻ പരീശന്മാരെപ്പോലെയല്ല, അധികാരത്തോടെയത്രെ ഉപദേശിക്കുന്നത്." (28, 29).

വേഗത്തിൽ മനസ്സിലാകത്തക്ക ലളിതമായ കഥകളാണ് യേശു ഉപമകളായി ഉപയോഗിച്ചിട്ടുള്ളത്. "ആത്മീയമായുള്ളത് ഇത് ശ്രദ്ധയിൽ കൊണ്ടുവരുവാൻ അക്ഷരീകമായുള്ള പലതും ഉപയോഗിക്കുക" എന്ന അർത്ഥമാണ് ഗ്രീക്ക് ഭാഷയിൽ ഉപമകൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. "സ്വർഗ്ഗീയ അർത്ഥങ്ങളുള്ള ഭൗമീക കഥകളത്രെ ഉപമകൾ" എന്നാണ് ഗ്രീക്ക് നിർവ്വചനം തന്നെ. അന്നത്തെ ജനത്തിന്റെ സംസ്ക്കാരവും ജീവിതശൈലിയും ഒക്കെ അറിഞ്ഞ് തന്നെയാണ് യേശു സംസാരിച്ചിട്ടുള്ളത്. ജനത്തിന് തികച്ചും അപരിചിതമായ കാര്യങ്ങൾ, അവർക്ക് സുപരിചിതമായ ഉദാഹരണങ്ങളിലൂടെ പറഞ്ഞ് മനസ്സിലാക്കുകയായിരുന്നു യേശു ചെയ്തത്. വിതയ്ക്കുന്നവന്റെ ഉപമയിലൂടെയും നല്ല ശമര്യാക്കാരന്റെ ഉപമയിലൂടെയുമൊക്കെ യേശു അതാണ് ചെയ്തത്. അന്നത്തെ ജനങ്ങളിൽ അവ വരുത്തിയ സ്വാധീനം ചെറുതായിരുന്നില്ല.

ക്രിസ്തീയ ഉപദേശങ്ങളിൽ മൂന്നിൽ ഒരു ഭാഗം ഉപമകളിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ട്. മിക്ക ഉപമകളും സുതാര്യവും രസകരവുമാണ്. പലതും ഒരു ആത്മീയ സത്യം വെളിപ്പെടുത്തുന്നതുമായ സന്ദേശം നൽകുന്നവയുമാണ്. ഉദാഹരിച്ചുകൊണ്ടുള്ള തന്റെ പ്രഭാഷണങ്ങൾ നൽകുന്ന ആത്മീയ സത്യങ്ങളും  സന്ദേശങ്ങളും പരിശുദ്ധാത്മാവിനാൽ പരിപോഷിപ്പിക്കുന്നവ ആകയാൽ ജനങ്ങൾ ഒരിക്കലും മറന്നുപോകില്ല.

ദൈവത്തെക്കുറിച്ചും ദൈവരാജ്യത്തെക്കുറിച്ചുമൊക്കെ വിശദീകരിക്കുവാൻ അന്നത്തെ ദൈവശാസ്ത്രമോ, ബിരുദമോ ഒക്കെ പരാജയപ്പെട്ടപ്പോൾ യേശു തന്റെ ഉപമകളിലൂടെ അനായാസമായി അവ സാധിച്ചെടുത്തു. പാപത്തിന്റെ വഞ്ചനയും പിതാവിന്റെ ക്ഷമയുമൊക്കെ ധൂർത്തനായ പുത്രന്റെ ഉപമയിലൂടെ യേശു വളരെ ഭംഗിയായി വെളിപ്പെടുത്തി. വിധവയുടെ ഉപമയിലൂടെ മടുത്തുപോകാതെ പ്രാർത്ഥിക്കേണ്ടതിന്റെ പ്രാധാന്യത വെളിപ്പെടുത്തി. പത്തു കന്യകമാരിലൂടെ ദൈവപുത്രന്റെ മടങ്ങിവരവും അതിന്റെ ഒരുക്കത്തിന്റെ ആവശ്യകതയും യേശു പറഞ്ഞുതന്നു. കാണാതെപോയ ആടിന്റെ ഉപമ മനുഷ്യനെ തേടിവന്ന രക്ഷകന്റെ അവസ്ഥ പരിചയപ്പെടുത്തി. മനോഹരമായ ഇത്തരം ഉപമകൾ ഒരു പാഠ്യവിഷയംതന്നെയാണ്. മാത്രമല്ല, അവ മറ്റുള്ളവരെ പഠിപ്പിക്കുവാനും താത്പര്യം നൽകുന്നവയാണ്.■

അസഹ്യപ്പെടുത്തുന്ന വിധവ



**"അപരിചിതമായ വിഷയം പരിചിതമായ കഥകളിലൂടെ യേശു ജനത്തെ പഠിപ്പിച്ചു."**


ഉപമയുടെ ഉദ്ദേശ്യം 2

പത്രാധിപലേഖനം

പ്രസംഗത്തിലെ ഉദാഹരണങ്ങൾ 3

തെരഞ്ഞെടുക്കപ്പെട്ട കഥകളും ഉപമകളും 4-5

ഉപമകൾ പഠിക്കുവാനുള്ള താക്കോലുകൾ 6-7

ക്രിസ്തുവിന്റെ ഒരു ഛായാചിത്രം 7

നിങ്ങൾക്കറിയാമോ?

തക്കസമയത്തെ വാക്ക് 8

# ബൈബിൾ

## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16–17, 2 പത്രൊ. 1: 20, 21,
മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37–40, യോഹ. 14: 21–23,
1 യോഹ. 4: 7–11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3–7, 2 കൊരി. 5: 17,
റോമർ 6 : 1–4, എഫെ. 2: 1, 5–6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21,
യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8–9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73–75, എബ്രാ. 12:14,
1 പത്രൊ. 1: 15–16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20–21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4–7, എഫെ. 4: 4–6,
1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐക്യത**
യോഹ. 17: 20–23, ഗലാ. 3: 28,
വെളി. 18: 2–4

**ചട്ടങ്ങൾ**
മത്താ. 28: 19–20, 26: 26–30, 1 കൊരി. 11: 23–27,
യോഹ. 13: 14–17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4–5,
യാക്കോബ് 5: 13–16

**വിവാഹശുശ്രൂഷ**
മത്താ. 19: 5–6, ലൂക്കോ. 16: 18,
റോമർ 7: 2–3, 1 കൊരി. 7: 10–11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9–10, 1 കൊരി. 11: 14–15,
ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7–12, യോഹ. 5: 28–29,
2 കൊരി. 5: 10, മത്താ. 25: 31–46

**സാമാധാനവാദം:**
ലൂക്കോസ് 6: 27–29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23–24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കൊസ് 16: 15

# ഉപമയുടെ ഉദ്ദേശ്യം

ഒരു സത്യം പഠിപ്പിക്കുവാനോ അല്ലെങ്കിൽ ഒരു ചോദ്യത്തിന് ഉത്തരം നൽകുവാനോ ആയിരിക്കാം യേശു ഉപമ ഉപയോഗിച്ചിരുന്നത്. ജീവിത യാഥാർത്ഥ്യങ്ങളും സാഹചര്യവുമൊക്കെയാണ് താൻ സാധാരണയായി ജനങ്ങളുമായി ബന്ധപ്പെടുത്തി പറഞ്ഞിരുന്നത്. ഒരിക്കൽ ഒരു ന്യായ ശാസ്ത്രി യേശുവിനെ പരീക്ഷിക്കുവാനായി ഇപ്രകാരം ചോദിച്ചു. “ആരാണ് എന്റെ അയൽക്കാരൻ? (ലൂക്കൊസ് 10:29) നല്ല ശമര്യക്കാരന്റെ ഉപമ യേശു പറയാനാരംഭിച്ചു. അതു വിവരിച്ച ശേഷം യേശു ചോദിച്ചു: ഇവരിൽ ആരാണ് ഈ വഴിയാത്രക്കാരനെ കള്ളന്മാരുടെ കയ്യിൽ നിന്നും രക്ഷിച്ച യഥാർത്ഥ സ്നേഹിതൻ? (വാക്യം. 36) ഈ ചോദ്യത്തിന്റെ ഉത്തരം വളരെ പ്രസക്തവും ശ്രദ്ധേയവുമാണീ ഉപമയിൽ മാത്രമല്ല അതാണ് പ്രസ്തുത ഉപമയുടെ സന്ദേശവും. അത് അവിടെയുണ്ടായിരുന്ന കേൾവിക്കാരിൽ വരുത്തിയ സ്വാധീനവും ചെറുതായിരുന്നില്ല.

**വെളിപ്പെടുത്തുക**
**പ്രകാശിപ്പിക്കുക**
**മറച്ചുവയ്ക്കുക**
**സംരക്ഷിക്കുക**

യേശുവിന്റെ ഉപമയിലൂടെയും ഉപദേശം ശ്രദ്ധിച്ച ജനങ്ങൾക്ക് അവ വളരെ ഹൃദ്യമായ ഒരു അനുഭവം തന്നെയായിരുന്നു. സത്യസന്ധമായി വചനം ശ്രവിച്ചവർ അനുഗൃഹീതരായിത്തീർന്നു. തത്ഫലമായി അവർ യേശു ഉദ്ദേശിച്ച സന്ദേശം ഉൾക്കൊള്ളുന്നവരായി രൂപാന്തരം പ്രാപിച്ചു.

അന്ധകാരജീവിത വഴിയെ നടന്ന പലർക്കും യേശുവിന്റെ ഉപദേശവും ഉപമാവിഷ്ക്കാരവും വ്യാഖ്യാനവുമെല്ലാം ആത്മീയവെളിച്ചം പകരുന്ന വഴിവിളക്കുകളായിരുന്നു. ഒരിക്കൽ തന്റെ ശിഷ്യന്മാരിൽ ഒരുവൻ വന്ന് യേശുവിനോടിപ്രകാരം ചോദിച്ചു. “അങ്ങ് എന്തിനാണ് ഉപമകളിലൂടെ ഉപദേശം നൽകുന്നതെന്ന്? അതിന് യേശു സ്വർഗ്ഗരാജ്യത്തിന്റെ മർമ്മങ്ങളറിയുവാൻ നിങ്ങൾക്ക് വരം ലഭിച്ചിരിക്കുന്നു. അവർക്ക് വരം ലഭിച്ചിട്ടില്ല എന്നുത്തരം പറഞ്ഞു. “ഉള്ളവന് കൊടുക്കും അവന് സമൃദ്ധിയുമുണ്ടാകും. ഇല്ലാത്തവനോടോ ഉള്ളതുംകൂടെ എടുത്തുകളയും. അതുകൊണ്ട് അവർ കണ്ടിട്ട് കാണാതെയും കേട്ടിട്ടു കേൾക്കാതെയും ഗ്രഹിക്കാതെയും ഇരിക്കയാൽ ഞാൻ ഉപമകളായി അവരോട് സംസാരിക്കുന്നു.” അവിശ്വാസികളായ പുറജാതികൾക്ക് ഉപമകളായി തോന്നുമ്പോൾ വിശ്വസിക്കുന്ന ഭൂരിപക്ഷം ജനങ്ങൾക്ക് അതൊരു വെളിപ്പാടായി ഗ്രഹിക്കുവാൻ കഴിയുന്നു.

ആത്മീയ സത്യങ്ങൾ എളുപ്പത്തിൽ ഹൃദ്യസ്ഥമാക്കുവാനുള്ള ഒരു ലളിതമായ ഉപാധിയാണ് ഉപമകൾ. എല്ലാവിധ പശ്ചാത്തലത്തിലും സംസ്ക്കാരത്തിലും ഉള്ളവർക്ക് ഈ ഉപമകൾ പ്രയോജനപ്രദമാകുന്നവയത്രെ.■

ആത്മീയ അഭിവൃദ്ധിയും ദൈവമക്കളുടെ ആത്മീയ വളർച്ചയും ലക്ഷ്യമാക്കികൊണ്ട്, ദൈവസഭയുടെ ഉപദേശ സത്യങ്ങൾ ത്രൈമാസങ്ങളിൽ പുറത്തിറക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. www. thegospeltruth.org എന്ന വെബ്സൈറ്റ് മുഖേനയും ഇ- മെയിൽ വഴിയായും ആനുകാലിക ആത്മീയ സന്ദേശങ്ങൾ ലഭ്യമാണ്. ഗോസ്പൽട്രൂത്ത് മിക്കരാജ്യങ്ങളിലും പ്രദേശിക ഭാഷകളിൽ ഇന്ന് ലഭിക്കുന്നുണ്ട്. അനേകരുടെ സ്വമേധാദാനങ്ങൾ മുഖാന്തരമാണിത് സാധിക്കുന്നത്. മുഖപേജിലുള്ള ചിത്രങ്ങൾ അനുവാദപ്രകാരം കൊടുത്തിട്ടുള്ളതുമാകുന്നു.

എന്ന് എഡിറ്റർ,
മൈക്കിൾ ഡബ്ല്യൂ. സ്മിത്ത്

# പത്രാധിപലേഖനം



*“അവൻ ഇങ്ങനെ പല ഉപമകളാൽ അവർക്ക് കേൾപ്പാൻ കഴിയുംപോലെ അവരോട് വചനം പറഞ്ഞുപോന്നു. ഉപമകൂടാതെ അവരോട് ഒന്നും പറഞ്ഞില്ല. തനിച്ചിരിക്കുമ്പോൾ അവൻ തന്റെ ശിഷ്യന്മാരോട് സകലവും വ്യാഖ്യാനിക്കും.” – മർക്കൊസ് 4:33, 34.*

യേശുവിന്റെ ഉപമകളെക്കുറിച്ചാണിന്നത്തെ പംക്തിയിൽ പ്രതിപാദിപ്പാൻ ഉദ്ദേശിക്കുന്നത്. യേശുവിന്റെ ഉപദേശങ്ങളിൽ ഭൂരിഭാഗവും ഉപമകൾ മുഖാന്തരമായിരുന്നു. ഉപദേശം കൂടുതൽ എളുപ്പത്തിൽ ഗ്രഹിക്കുവാൻ ഉപമകൾ സഹായകരമാകുന്നു. ക്രിസ്തുവിന്റെ ഉപദേശങ്ങൾ ഒന്നും ബാഹ്യ ആവരണങ്ങൾ കൊണ്ടുള്ളതായിരുന്നില്ല. മറിച്ച് മനുഷ്യൻ ഇന്നഭിമുഖീകരിക്കുന്ന നാനാവിധ പ്രശ്നങ്ങളെ വിശകലനം ചെയ്യുന്നതായിരുന്നു. യേശുവിന്റെ ഉപദേശങ്ങൾ ലളിതമായവ എങ്കിൽ ജനഹൃദയങ്ങളിൽ വളരെ വേഗം സ്ഥാനം പിടിച്ചു. അതേസമയം അന്നത്തെ വേദശാസ്ത്രപണ്ഡിതന്മാരും പരീശപ്രമാണിമാരും ഉപമയുടെ നിർവ്വചനവും പദാനുപദ വ്യാഖ്യാനത്തിലും സമയം കളഞ്ഞു. പ്രപഞ്ചത്തിൽ തന്നെയുള്ള സുപരിചിതമായ കാര്യങ്ങളെ ഉപയോഗിച്ചുകൊണ്ട് സുപ്രധാനമായ ആത്മീയ സത്യങ്ങളെ യേശു അനായസേന വിശകലനം ചെയ്തു.

ജനങ്ങൾ പ്രസ്തുത ഉപമകൾ പഠിക്കുകയും അതിലൂടെ യേശു ഉദ്ദേശിച്ച ആത്മീയ സത്യങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുക എന്നതാണ് എന്റെ ഹൃദയവാഞ്ചയും താത്പര്യവും. എല്ലാവരും പഠിപ്പിക്കുന്നതിൽ വ്യത്യസ്ത നിലവാരം പുലർത്തുന്നവരാകാം. കഥകളിലൂടെയോ ഉപമയിലൂടെയോ യേശുവിന്റെ ഉപദേശം വ്യക്തമായി ജനങ്ങൾക്ക് ഉൾക്കൊള്ളുവാൻ കഴിയുന്നു എന്നതാണ് ശ്രദ്ധേയമായി കാര്യം.

ഏതാനും ചില വർഷങ്ങൾക്ക് മുൻപ് ആഫ്രിക്കയിൽ ഒരു മിഷനറി സമ്മേളനം സംഘടിപ്പിക്കുവാനും ചില ദിവസങ്ങളെടുത്തു വചനം പഠിപ്പിക്കുവാൻ എനിക്ക് കഴിഞ്ഞു. അവിടെയുള്ള ദൈവമക്കളുമായി ഒരുമിച്ച് ഉപദേശസത്യങ്ങൾ വ്യക്തമായി പഠിപ്പിക്കുവാൻ ലഭിച്ച അവസരം ഞാനോർക്കുന്നു. വ്യത്യസ്തമായ ചില ആവശ്യങ്ങൾ എനിക്ക് ബോധ്യമായി. ഉപമകളിൽ അടങ്ങിയിട്ടുള്ള സന്ദേശ ശക്തിയാൽ ഞാൻ പ്രചോദിതനായി. പ്രസ്തുത സത്യങ്ങൾ എന്റെ കണ്ണു തുറപ്പിച്ചു. അവർ ഉപമയിലൂടെ വചനം പഠിച്ചു. അവരുമായി ചെലവഴിച്ച സമയം എനിക്ക് അനുഗ്രഹമായിരുന്നു. ഞങ്ങൾ ഒരുമിച്ച് ഉപമ പഠനത്തിലൂടെ പ്രാർത്ഥന, ക്ഷമ, രക്ഷ, ദൈവസ്നേഹം, ന്യായവിധി, പാപം, ദൈവരാജ്യം, ദയ, നിത്യത, സ്വർഗ്ഗം, നരകം, സുവിശേഷം തുടങ്ങി പല വിഷയങ്ങൾ വിശദമായി പഠിച്ചു. പ്രസംഗ ശൈലിയിലുള്ള പ്രഭാഷണങ്ങളെക്കാൾ ഉപദേശ സത്യങ്ങൾ വിശകലനം ചെയ്യുവാൻ ഇത്തരം ഉപമകളാണ് അഭികാമ്യം.


പ്രസ്തുത ഉപമകൾ പഠിക്കുവാനും ദൈവീക സത്യങ്ങൾ ഗ്രഹിക്കുവാനും ദൈവം സഹായിക്കട്ടെ.

**മൈക്കിൾ ഡബ്ല്യൂ.സ്മിത്ത്**

ഇന്റർനെറ്റിൽ കൂടുതൽ വായിക്കാം.

www.thegospeltruth.org

# പ്രസംഗത്തിൽ ഉപയോഗിക്കുന്ന ഉദാഹരണങ്ങൾ



ആധുനീക കാലത്ത് ഉദാഹരണങ്ങൾ ജീവിതാനുഭവങ്ങളും കേൾവിക്കാരുടെ ശ്രദ്ധ പിടിച്ചെടുക്കുവാൻ സഹായം തന്നെ. അത്തരം ഉദാഹരണങ്ങൾ സത്യവചനം ഗ്രഹിക്കുവാൻ കേൾവിക്കാർക്ക് ഒരു അനുഗ്രഹം തന്നെയാണ്. എന്നിരുന്നാലും യഥാർത്ഥ പ്രഭാഷകൻ, ഇത്തരം കഥപറച്ചിലിനും സദസ്സിനെ രസിപ്പിക്കുന്ന നേരംപോക്കുകാരനായി മാറാൻ പാടില്ല. വചനം പ്രസംഗിക്കുക എന്നതാവണം നമ്മുടെ പ്രധാന ഉദ്ദേശം. വചനസത്യങ്ങളെ ഗ്രഹിപ്പിക്കുവാൻ ഉദാഹരണമായി ചില കഥകളും മറ്റും ഉപയോഗിക്കാമെങ്കിലും അതാവരുത് പ്രഭാഷകന്റെ പ്രധാന ഉദ്ദേശം. വചനത്തെക്കാൾ പ്രാധാന്യത കഥപറച്ചിലിന് കൊടുക്കരുതെന്ന് സാരം. മാത്രമല്ല, ഒരു കഥയോ ഉദാഹരണമോ പറയുമ്പോൾ, ആ സത്യത്തിന്, അഥവാ അവസരത്തിന് ‘യോജിച്ച’താണോ എന്ന് സ്വയ പരിശോധന നടത്തുക. മിക്കവരും ചില കഥകളും മറ്റു അനവസരങ്ങളിൽ ഉപയോഗിച്ചു കാണാറുണ്ട്. ഓർക്കുക, വചനം പറയുവാൻ വേണ്ടിയാണ് നാം നിലകൊള്ളുന്നത്. അല്ലാതെ കഥ പറഞ്ഞ ജനത്തെ രസിപ്പിക്കാനല്ല.■

# യേശുവിന്റെ ഉപമകൾ

## "അവൻ ഉപമകൾ മുഖാന്തരം അവരോട് പറഞ്ഞത് എന്തെന്നാൽ...."

| ഉപമകൾ | മത്തായി | മർക്കൊസ് | ലൂക്കോസ് |
|---|---|---|---|
| **സ്വർഗ്ഗരാജ്യം** | | | |
| വിതെക്കുന്നവൻ | 13:3 - 8; 18 - 23 | 4:4 - 8, 14 - 21 | 8:5 - 8, 11 - 15 |
| കടുകുമണി | 13:31, 32 | 4:30 - 32 | 13:18 - 19 |
| പുളിപ്പ് | 13:33 | | 13:20 - 21 |
| മറയപ്പെട്ട നിധി | 13:44 | | |
| മുത്ത് | 13:45 - 46 | | |
| വളരുന്ന വിത്ത് | | 4:26 - 29 | |
| **വീഴ്ചയും വീണ്ടെടുപ്പും** | | | |
| കാണാതെപോയ ആട് | 18:10 - 14 | | 15:1 - 7 |
| നഷ്ടപ്പെട്ട ദ്രഹ്മ | | | 15:8 - 10 |
| ധൂർത്തനായ പുത്രൻ | | | 15:11 - 32 |
| **അനുസരണവും അനുസരണക്കേടും** | | | |
| പാറമേലുള്ള വീട് | 7:24 - 27 | | 6:47 - 49 |
| രണ്ട് പുത്രന്മാർ | 21:28 - 32 | | |
| അപ്രയോജന ദാസന്മാർ | | | 17:7 - 10 |
| **ഗൃഹ വിചാരകത്വം** | | | |
| താലന്തുകൾ | 25:14 - 30 | | |
| ബുദ്ധിമാന്മാരായ മേൽ വിചാരകൻ | | | 16:1 - 13 |
| റാത്തൽ | | | 19:11 - 27 |
| **ക്രിസ്തു** | | | |
| ദുഷ്ടനായ മേൽവിചാരകൻ | 21:33 - 45 | 12:1 - 12 | 20:9 - 19 |

നഷ്ടപ്പെട്ട ആട്






വിതയ്ക്കുന്നവനും, വിതയും

ധൂർത്തപുത്രൻ





| ഉപമകൾ | മത്തായി | മർക്കൊസ് | ലൂക്കോസ് |
|---|---|---|---|
| **പ്രാർത്ഥന** | | | |
| അർദ്ധരാത്രിയിലെ സ്നേഹിതൻ | | | 11:5 - 13 |
| അനീതിയുള്ള ന്യായാധിപൻ | | | 18:1 - 8 |
| പരീശനും ചുങ്കക്കാരനും | | | 18:9 - 14 |
| **സ്നേഹവും സേവനവും** | | | |
| നല്ല ശമര്യാക്കാരൻ | | | 10:30 - 37 |
| **ക്ഷമ** | | | |
| കരുണയില്ലാത്ത ദാസൻ | 18:21 - 35 | | |
| രണ്ട് കടക്കാർ | | | 7:41 - 43 |
| **ഭാവികാലശാസ്ത്രം / തയ്യാറെടുപ്പ്** | | | |
| കളകൾ | 13:24 - 30, 36 - 43 | | |
| വല | 13:47 - 50 | | |
| മുന്തിരിത്തോട്ടത്തിലെ വേലക്കാർ | 20:1 - 16 | | |
| കല്യാണസദ്യ | 22:1 - 14 | | |
| മൂഢനായ ധനവാൻ | | | 12:16 - 21 |
| ഉണർന്നിരിക്കുന്ന ദാസന്മാർ | | 13:34 - 37 | 12:35 - 40 |
| ദുഷ്ടൻ / വിശ്വസ്തനായ ദാസൻ | 4:45 - 51 | | 12:42 - 48 |
| പത്തു കന്യകമാർ | 25:1 - 13 | | |
| ഫലമില്ലാത്ത അത്തിമരം | | | 13:6 - 9 |
| അന്ത്യ അത്താഴം | | | 14:15 - 24 |

## തെരഞ്ഞെടുക്കപ്പെട്ട കഥകളും ഉപമകളും



നഷ്ടപ്പെട്ട ദ്രഹ്മ

| കഥകൾ / ഉപമകൾ | മത്തായി | മർക്കൊസ് | ലൂക്കോസ് |
|---|---|---|---|
| ഭൂമിയുടെ ഉപ്പ് | 5:13 | 9:50 | 14:34, 35 |
| വിളക്ക് തണ്ട് | 5:14 - 16 | 4:21, 22 | 8:16 - 18 |
| ഇടർച്ചയുണ്ടാക്കുന്ന കണ്ണും കയ്യും | 5:29, 30, 18:8,9 | 9:43 - 47 | |
| നിക്ഷേപം ശേഖരിക്കുക | 6:19 - 21 | | |
| പുല്ലും താമരയും | 6:25 - 34 | | 12:22 - 32 |
| കരടും കോലും | 7:1 - 5 | | 6:41 - 42 |
| വീതിയുള്ളതും വിശാലവുമായ വഴി | 7:13 - 15 | | |
| ഒട്ടകവും സൂചിക്കുഴയും | 19:23 - 24 | 10:23 - 25 | 18:24 - 25 |
| കിണ്ടികിണ്ണങ്ങൾ | 23:25 - 26 | | 11:37 - 39 |
| ചെമ്മരിയാടും കോലാടും | 25:31 - 46 | | |
| ഒടുക്കത്തെ ഇരിപ്പിടം | | | 14:7 - 14 |
| ഗോപുരത്തിന്റെ പണി/യുദ്ധത്തിനായുള്ള പുറപ്പെടൽ | | | 14:25 - 33 |
| ധനവാനും ലാസറും | | | 16:19 - 31 |
| നല്ല ഇടയൻ | യോഹന്നാൻ 10 1 - 16 | | |

# ഉപമകൾ

## പഠിക്കുവാനുള്ള താക്കോലുകൾ



താലന്തുകൾ

**ക്രിസ്തുവിന്റെ ഉപദേശങ്ങളും പഠിപ്പിക്കലുകളും പഠിക്കുവാനുള്ള രസകരവും ഗഹനവുമായ മാർഗ്ഗമാണ് ഉപമകളുടെ പഠനം. അവ ഒരു കഥയെക്കാൾ അപ്പുറമാണ്; ആഴത്തിലുള്ള ഉപദേശപരമായ സത്യങ്ങൾ വെളിപ്പെടുത്തുന്നതിനുള്ള പ്രായോഗിക ഉപകരണങ്ങളാണ് അവ. ഒരു ഉപമയിൽ പറഞ്ഞിരിക്കുന്ന ഒരു സത്യത്തിന്റെ പ്രാഥമിക ലക്ഷ്യം ഒരിക്കലും മറ്റ് പ്രമാണഗ്രന്ഥങ്ങൾക്ക് വിരുദ്ധമാകുകയില്ല; മറിച്ച് മനസ്സിലാക്കുവാൻ പ്രയാസമുള്ള മറ്റ് വചനങ്ങളും പ്രവചനങ്ങളും ക്രിസ്തുവിന്റെ പഠിപ്പിക്കലുകളുടെ ലാളിത്യത്തോട് യോജിക്കുന്ന തരത്തിൽ എപ്പോഴും വ്യാഖ്യാനിക്കേണ്ടതാണ്. ഉപമകളുടെ യഥാർത്ഥ പ്രാധാന്യം കൂടുതലായി മനസ്സിലാക്കുവാൻ സത്യസന്ധതയോടും തുറന്ന മനസ്സോടും കൂടെ പരിശോധിക്കേണ്ടത് പ്രധാനമാണ്. താഴെ കൊടുത്തിരിക്കുന്ന നുറുങ്ങുകൾ യേശുക്രിസ്തുവിന്റെ അത്ഭുതകരമായ ഉപമകൾ മനസ്സിലാക്കുന്നതിനുള്ള ശരിയായ സമീപനം സ്വീകരിക്കുവാൻ സഹായിക്കും.**

**"ഒരു ഉപമയുടെ വ്യാഖ്യാനം ബാക്കിയുള്ള തിരുവെഴുത്തുകളോടും ക്രിസ്തുവിന്റെയും അപ്പോസ്തലന്മാരുടെ പഠിപ്പിക്കലുകളോടും യോജിച്ചതായിരിക്കണം."**

### സാഹിത്യസന്ദർഭം പരിഗണിക്കുക

ഉപമയുടെ സന്ദർഭം പഠിക്കുക. ഉപമയ്ക്ക് മുമ്പും ശേഷവും എന്താണ് പറഞ്ഞിരിക്കുന്നത് എന്ന് പരിശോധിക്കുക. പലപ്പോഴും പറഞ്ഞ ഉപമയുടെ ഉദ്ദേശമോ അർത്ഥമോ യേശു വ്യക്തമായി പ്രസ്താവിക്കുന്നു. ലൂക്കോസ് 18 2-6ലെ വിധവയുടെയും ന്യായാധിപന്റെയും ഉപമ സന്ദർഭം പരിഗണിക്കാതെ മോശമായി വ്യാഖ്യാനിക്കാവുന്നതാണ്. ദൈവം അനീതിയും അശ്രദ്ധയും ഉള്ളവനാണ് എന്ന് കഥയിൽ നിന്ന് ഒരാൾക്ക് അനുമാനിക്കാം. ഉപമയുടെ ലക്ഷ്യം അതല്ല, മറിച്ച് ഒന്നാം വാക്യത്തിൽ ആ ഉപമയുടെ ഉദ്ദേശം യേശു പ്രസ്താവിച്ചിരിക്കുന്നു. "മടുത്തുപോകാതെ എപ്പോഴും പ്രാർത്ഥിക്കണം എന്നുള്ളതിന് അവൻ അവരോട് ഒരു ഉപമ പറഞ്ഞത്" അതായിരുന്നു ഉപമയുടെ ഉദ്ദേശം.

### വിശദാംശങ്ങൾ ശരിയായി പരിശോധിക്കുക

ചില ഉപമകൾക്ക് വലിയ ആത്മീയ പ്രാധാന്യമില്ലാത്ത വിശദാംശങ്ങൾ ഉണ്ട്. കഥയെ മെച്ചപ്പെടുത്തുവാനും അതിരുകടന്ന ആത്മീയ സത്യത്തെ ചിത്രീകരിക്കുവാനുമാണ് അവ നല്കിയിരിക്കുന്നത്. അനീതിയുള്ള ന്യായാധിപൻ ദൈവത്തെ ചിത്രീകരിക്കുന്നില്ല, മറിച്ച് വിധവയുടെ പ്രാധാന്യവും ദൃഢതയും പ്രകടമാക്കുവാനാണ് വിശദാംശങ്ങൾ ഉപയോഗിച്ചിരിക്കുന്നത്. ഒരു ഉപമയുടെ എല്ലാ വിശദാംശങ്ങളിലും ആത്മീക പ്രാധാന്യം കൂട്ടിച്ചേർക്കുന്നത് ശ്രദ്ധിക്കുക. "ഒരു ചൊല്ല് ഉള്ളതുപോലെ ഒരു ഉപമ രൂപകല്പന ചെയ്തിരിക്കുന്നത് നാലുകാലിൽ നടക്കുവാനല്ല". എല്ലാ വിശദാംശങ്ങളും ഒരു അദ്വിതീയ പാഠമോ സാമ്യമോ അല്ല, ഈ കാരണത്താൽ ഉപമകൾ എല്ലായ്പ്പോഴും യഥാർത്ഥ ഉപമാനങ്ങൾ അല്ല. എല്ലാ വിശദാംശങ്ങൾക്കും ആത്മീക അർത്ഥം ഇല്ലാത്തതിനാൽ, എല്ലാ വിശദാംശങ്ങൾക്കും ഒരു അർത്ഥം നല്കുന്നത് ഉപമയുടെ യഥാർത്ഥ അർത്ഥത്തെ തടസ്സപ്പെടുത്തും.

### ആവർത്തിച്ചുള്ള അലങ്കാര പ്രയോഗങ്ങൾ ശ്രദ്ധിക്കുക

പലപ്രാവശ്യം യേശു ഉപയോഗിച്ച അലങ്കാരങ്ങൾ തിരുവെഴുത്തുകളിൽ ആവർത്തിക്കുമ്പോൾ ഉപമകളിൽ നിന്ന് ഉപമകളിലേക്ക് വളരെ സമാനമായ അർത്ഥമാണ് ഉള്ളത്. പലപ്പോഴും ഒരു യജമാനനോ, ന്യായാധിപനോ, രാജാവോ ദൈവത്തെ പ്രതിനിധീകരിക്കുന്നു. ജോലിക്കാരും ദാസന്മാരും ദൈവത്തിന്റെ അനുയായികളെ ചിത്രീകരിക്കുന്നു. ചെമ്മരിയാടുകൾ ദൈവത്തിന്റെ മക്കളേയും ആടുകൾ ദൈവത്തിന്റെ വീണ്ടെടുക്കപ്പെടാത്ത ജനത്തെയും പ്രതിനിധീകരിക്കുന്നു. ഒരു ഇടയൻ, മുന്തിരിതോട്ടത്തിന്റെ കാവൽക്കാരൻ അല്ലെങ്കിൽ ഒരു രാജാവിന്റെ മകൻ പലപ്പോഴും ക്രിസ്തുവിനെ പ്രതിനിധീകരിക്കുന്നു.

### ഉപമ ഉദ്ധരിച്ചത് എന്തുകൊണ്ട്?

യേശു ഉപമകൾ പറയുമ്പോൾ, അവൻ ചില പ്പോൾ ഒരു ചോദ്യത്തിന് ഉത്തരം നല്കുകയോ അവിടെയുള്ള ആളുകളുടെ മനോഭാവത്തെ അഭിസംബോധന ചെയ്യുകയോ ആയിരുന്നു. ലൂക്കോസ് 15ൽ കാണാതെ പോയ ആടിന്റെയും നഷ്ടപ്പെട്ട നാണയത്തിന്റെയും ധൂർത്തുപുത്രന്റെയും ഉപമകൾ യേശു പറഞ്ഞു. "ഇവൻ പാപികളെ കൈകൊണ്ട് അവരോടു കൂടി ഭക്ഷിക്കുന്നു" (വാക്യം 2) എന്നു പിറുപിറുക്കുന്ന പരീശന്മാരോടും ശാസ്ത്രിമാരോടും

മുന്തിരിതോട്ടത്തിലെ വേലക്കാർ



മറുപടിയായി യേശു ഈ ഉപമകൾ പറഞ്ഞു. ഈ ഉപമകളെ പറയുവാൻ യേശുവിനെ പ്രോത്സാഹിപ്പിച്ചത് എന്താണെന്നു മനസ്സിലാക്കുന്നത് ഉപമകളുടെ ലക്ഷ്യം മനസ്സിലാക്കുന്നതിന് ഒരാളെ സഹായിക്കും. ഈ സാഹചര്യത്തിൽ പാപികളോടുള്ള ദൈവത്തിന്റെ മനോഭാവത്തെ പ്രകടമാക്കുന്നതാണ് അവ.

## ഒരു പ്രധാന ഉദ്ദേശം ഉള്ളത് തിരയുക

ഒരു പ്രധാന ഉദ്ദേശത്തിനാണ് ഉപമകൾ പറയുന്നത്. നിങ്ങൾ വായിക്കുമ്പോൾ യേശു ആശയ വിനിമയം നടത്തിയ പ്രധാന ആശയം ശ്രദ്ധിക്കുകയും പറഞ്ഞ ഉപമയുടെ സന്ദർഭമോ കാരണമോ മറക്കുകയും അരുത്. അതിന്റെ ലക്ഷ്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ സഹായിക്കുന്നതിന് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക.

1. ഉപമയിൽ കാണപ്പെടുന്ന പ്രധാന വൈരുദ്ധ്യം എന്താണ്?
2. ആരാണ് പ്രധാന കഥാപാത്രങ്ങൾ?
3. ഉപമയിലെ പ്രാഥമിക ശ്രദ്ധാകേന്ദ്രം ആരാണ് അല്ലെങ്കിൽ എന്താണ്?
4. ഉപമയുടെ സമാപനത്തിൽ എന്താണ് സംഭവിക്കുന്നത്?

## സാംസ്കാരികവും ചരിത്ര പരവുമായ ക്രമീകരണം പഠിക്കുക

ചരിത്രപരവും സാംസ്ക്കാരികവുമായ കൂടുതൽ അറിവും ധാരണയും ഉണ്ടെങ്കിൽ ഒരാൾക്ക് ഉപമകളെ കുറിച്ച് നന്നായി മനസിലാക്കുവാൻ സാധിക്കും. ചില ഉപമകൾ യഹൂദന്മാരുടെ കാലത്തുണ്ടായിരുന്ന സംഭവത്തെയോ ആചാരത്തെയോ സൂചിപ്പിക്കുന്നതിനാകാം. മത്തായി 22:1–14 ലെ വിവാഹ വിരുന്നിൽ ഇത് ഉദാഹരിച്ചിരിക്കുന്നു. വിവാഹവസ്ത്രം ധരിക്കാതിരുന്ന മനുഷ്യനെ പുറത്തുള്ള അന്ധകാരത്തിലേക്ക് തള്ളിക്കളഞ്ഞു. യേശുവിന്റെ കാലത്ത് ആതിഥേയൻ അതിഥിക്ക് യോഗ്യമായ വസ്ത്രം നല്കണം. എന്ന വസ്തുത മനസിലാക്കുന്നതുവരെയും അനുയോജ്യമായ വസ്ത്രം ധരിക്കുവാൻ വിസമ്മതിച്ച ഈ മനുഷ്യനെക്കുറിച്ച് സഹതാപം തോന്നിയേക്കാം. യഥാർത്ഥത്തിൽ നല്കപ്പെട്ട വസ്ത്രം ധരിക്കുവാൻ ആ മനുഷ്യൻ തയ്യാറല്ലായിരുന്നു ഈ ഉപമയിലെ നരകത്തെയും ശിക്ഷയെയും കുറിച്ചുള്ള ഉപദേശപരമായ സത്യത്തെക്കുറിച്ചു ഇത് കൂടുതൽ വ്യക്തമാക്കിത്തരുന്നു.

## വ്യാഖ്യാനം

ഒരു ഉപമയുടെ വ്യാഖ്യാനം ബാക്കിയുള്ള തിരുവെഴുത്തുകളോടും ക്രിസ്തുവിന്റെയും അപ്പോസ്തലന്മാരുടെ പഠിപ്പിക്കലുകളോടും യോജിച്ചതായിരിക്കണം. ഒരു കഥയിൽ നിന്ന് സത്യങ്ങൾ ഉരുത്തിരിയുവാൻ കഴിയുമെങ്കിലും ഉപമയുടെ തെറ്റായ വ്യാഖ്യാനത്തിൽ നിന്ന് തെറ്റായ ഉപദേശം സ്വീകരിക്കുന്നതിൽ നിന്ന് വായനക്കാരൻ ശ്രദ്ധിക്കണം. നിർവ്വചനം അനുസരിച്ച് ഒരു ഉപമ രണ്ട് കാര്യങ്ങൾ തമ്മിലുള്ള ഒത്തുനോക്കൽ ആണ്. ഉപമ ദൈവരാജ്യത്തെക്കുറിച്ചാണെങ്കിൽ വ്യാഖ്യാനവും ദൈവരാജ്യത്തെക്കുറിച്ചായിരിക്കണം. അല്ലാതെ കുടുംബത്തെക്കുറിച്ചോ രാഷ്ട്രീയ സംഭവങ്ങളെക്കുറിച്ചോ ആയിരിക്കരുത്. എല്ലാ ഉപമകൾക്കും ഒരു അർത്ഥമേയുള്ളു എന്ന് ഓർക്കുക. ചരിത്രത്തിലുടനീളം ചില ഉപമകൾക്ക് രസകരമായ സാങ്കല്പിക അർത്ഥം നല്കിയിട്ടുണ്ട്. ഇത് ഉപമയുടെ പ്രസ്താവിത അല്ലെങ്കിൽ നിർദ്ദേശിക്കപ്പെടേണ്ട അർത്ഥത്തിനു വിപരീതമാണ്. സാങ്കല്പികമായ ഇത്തരം വ്യാഖ്യാനങ്ങളെ മാർട്ടിൻ ലൂഥർ ഇതിനെ അതിശയകരമായ നിരർത്ഥക ജല്പനം “തികച്ചും ഉപയോഗശൂന്യം” എന്ന് പറഞ്ഞിരിക്കുന്നു.


പത്ത് കന്യകമാർ


## വിശകലനം ചെയ്ത് പ്രയോഗിക്കുക

ശരിയായ പ്രയോഗത്തിന് ഉപമ വായിച്ച് വിശകലനം ചെയ്യേണ്ടതും ഉപദേശം എങ്ങനെ ഒരാൾ സ്ഥാപിക്കണം എന്നതും പ്രധാനമാണ്. ദൈവരാജ്യത്തെക്കുറിച്ചും സംഭവിക്കുവാനുള്ള കാര്യങ്ങളെക്കുറിച്ചും എന്തു പഠിപ്പിക്കുന്നു? എന്ന് സ്വയം മനസ്സിലാക്കണം. ആ സത്യം എന്റെ ജീവിതത്തിൽ എങ്ങനെ പ്രായോഗികമാക്കണം? ഞാൻ എന്തു ചെയ്യുവാൻ ദൈവം ആഗ്രഹിക്കുന്നു? എന്നും മനസ്സിലാക്കണം. ഉപമകളുടെ പഠനം വലിയ അനുഗ്രഹവും വെല്ലുവിളികൾ ഏറ്റെടുക്കുവാനും വായനക്കാർക്ക് പ്രോത്സാഹനം നല്കുന്നു. ഉപമകൾ അറിയുവാനും, പഠിക്കുവാനും, മനസ്സിലാക്കുവാനും, ദൈവത്തെക്കുറിച്ചുള്ള അറിവിലും കർത്താവിന്റെ വരവ് വരെയും വിശ്വസ്തരായിരിക്കുവാനും ശ്രമിക്കാം.■

## ക്രിസ്തുവിന്റെ ഒരു ഛായാചിത്രം

യോഹന്നാന്റെ സുവിശേഷം ക്രിസ്തുവിന്റെ സ്വഭാവം, രൂപം, പ്രകൃതം എന്നിവയിൽ വ്യക്തമായി കേന്ദ്രീകരിച്ചിരിക്കുന്നു. യേശുവിനെ വിവരിക്കുവാൻ യോഹന്നാൻ ഉപയോഗിച്ച ഒൻപത് രൂപകങ്ങൾ (സംഭാഷണത്തിൽ അല്ലെങ്കിൽ ചിത്രീകരണത്തിലൂടെ) ഉണ്ട്.

1. **ഞാൻ ജീവന്റെ അപ്പം / ജീവനുള്ള അപ്പം ആകുന്നു – യോഹന്നാൻ 6:35, 48, 51**
2. **ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു – യോഹന്നാൻ 8:12, 9 : 5**
3. **അബ്രഹാമിനും മുമ്പ് ഞാൻ ഉണ്ട് – യോഹന്നാൻ 8:58**
4. **ഞാൻ വാതിൽ ആകുന്നു – യോഹന്നാൻ 10:7,9**
5. **ഞാൻ നല്ല ഇടയൻ ആകുന്നു – യോഹന്നാൻ 10:11,14**
6. **ഞാൻ പുനരുത്ഥാനവും ജിവനും ആകുന്നു – യോഹന്നാൻ 11:25**
7. **ഞാൻ വഴിയും, സത്യവും, ജിവനും ആകുന്നു – യോഹന്നാൻ 14:6**
8. **ഞാൻ സാക്ഷാൽ മുന്തിരിവള്ളി ആകുന്നു – യോഹന്നാൻ 15:1,5**
9. **അതു ഞാൻ തന്നെ – യോഹന്നാൻ 18: 5, 6**



Printed matter only
**MALAYALAM EDITION**

**നിങ്ങൾക്ക് അറിയാമോ?**

ക്രിസ്തുവിന്റെ ഉപമകൾ കൂടുതലായും സമാന്തര സുവിശേഷങ്ങളിൽ (മത്തായി, മാർക്കോസ്, ലൂക്കോസ്) കാണുന്നു. എന്നാൽ യോഹന്നാന്റെ സുവിശേഷത്തിൽ ഏതാനും കഥകളും ഉദാഹരണങ്ങളും അടങ്ങിയിരിക്കുന്നു. യഥാർത്ഥ ഉപമകൾ ഒന്നും തന്നെയില്ല. യോഹന്നാൻ 10:6 ൽ ഉപമ എന്നത് വ്യത്യസ്തമായ ഒരു ഗ്രീക്ക് പദവും ഒരു ചിത്രീകരണമോ സംഭാഷണമോ ആണെന്നാണ് ഗ്രീക്ക് മൂലത്തിൽ നിന്ന് വ്യക്തമാകുന്നത്.

തക്കസമയത്ത് പറഞ്ഞ വാക്ക്

# വിലയേറിയ മുത്ത്

*"പിന്നെയും സ്വർഗ്ഗരാജ്യം നല്ല മുത്ത് അന്വേഷിക്കുന്ന ഒരു വ്യാപാരിയോട് സദൃശം അവൻ വിലയേറിയ ഒരു മുത്ത് കണ്ടെത്തിയപ്പോൾ ചെന്ന് തനിക്കുള്ളതൊക്കെയും വിറ്റ് അതു വാങ്ങി" - മത്തായി 13:45-46.*



ഒരു വ്യാപാരിയുടെ ലക്ഷ്യം ഏറ്റവും വലിയ ലാഭം നേടുന്നതിനായി ചരക്കുകൾ വാങ്ങുകയും വില്ക്കുകയും ചെയ്യുക എന്നതാണ്. നൂറ്റാണ്ടുകളായി അവരുടെ ജീവിതത്തിന്റെ ചെലവിൽ നിധികളും സമ്പത്തും തേടി വിശാലമായ സമുദ്രങ്ങളിലൂടെ സഞ്ചരിക്കുകയും ചെയ്യുന്നു. ഭൗമിക സ്വത്തുക്കളുടെ സാദ്ധ്യതയുള്ള നേടത്തിനെതിരായി വിലമതിക്കുമ്പോൾ അപകട സാദ്ധ്യതയുള്ളതായി കണക്കാക്കുന്നു.

പാപത്തിൽ നിന്നുള്ള രക്ഷയും നിത്യമായ പ്രതിഫലവും വലിയ വിലയുള്ള ഒരു മുത്തായി ചിത്രീകരിച്ചിരിക്കുന്ന ഈ ഉപമ യേശു സംസാരിച്ചു. ഒരു വ്യാപാരി ഒരു വിലയേറിയ മുത്ത് കണ്ടപ്പോൾ അതു വാങ്ങുന്നതിനായി അയാൾക്ക് ഉള്ളതെല്ലാം വിറ്റു. ഏതൊരു അക്ഷരീയ മുത്തിനെക്കാളും വിലയേറിയതാണ് രക്ഷ. അത് അന്വേഷിക്കുന്നവർ ക്രിസ്തുവിൽ കൂടി ആശ്വാസവും സന്തോഷവും കണ്ടെത്തുവാൻ ഈ ലോകത്തിലെ എല്ലാ കാര്യങ്ങളും ഉപേക്ഷിക്കണം. പൂർണ്ണഹൃദയത്തോടെ അന്വേഷിക്കുന്നവർക്കു മാത്രമേ ഈ അത്ഭുതകരമായ മുത്ത് സ്വന്തമാക്കുവാൻ സാധിക്കൂ.

ദൈവവുമായുള്ള ബന്ധത്തിൽ അലസരും അശ്രദ്ധരുമായ ക്രിസ്ത്യാനികൾ യഥാർത്ഥ രക്ഷ കണ്ടെത്തുന്നില്ലെങ്കിൽ അവർക്കുള്ളത് അവരുടെ നാശത്തിന് കാരണമാകും എന്ന അപകടത്തെക്കുറിച്ചാണ് പറയുന്നത്. യഥാർത്ഥ രക്ഷയുടെ ശക്തിയും സന്തോഷവും നേടിയെടുക്കുവാൻ ആ വിലയേറിയ മുത്ത് പൂർണ്ണഹൃദയത്തോടെ അന്വേഷിക്കണം. വലിയ വിലയുള്ള ആ മുത്തും പാപത്തിൽ നിന്നുള്ള രക്ഷയും നിത്യജീവന്റെ പ്രത്യാശയും നാം കണ്ടെത്തുമ്പോൾ, ലോകത്തിന് നല്കുവാൻ കഴിയാത്ത ആന്തരിക സമാധാനവും സന്തോഷവും അതിനോടൊപ്പം ഉണ്ട്. കർത്താവിന്റെ സേവകർ എന്ന നിലയിൽ നമുക്ക് രക്ഷയുടെ യഥാർത്ഥമൂല്യവും വരും. നമ്മുടെ ജീവിതം പൂർണ്ണ രക്ഷയെക്കുറിച്ച് പറയട്ടെ. യേശു ക്രിസ്തുവിൽ കണ്ടെത്തിയ അത്ഭുതകരമായ നിധിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് പകരം മറ്റെല്ലാ സ്വത്തുക്കളും വില്ക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഒരു ഭയാനകമായ ചിത്രം വരയ്ക്കുവാൻ ശത്രു നമ്മെ പ്രേരിപ്പിക്കുന്നു.

നിങ്ങൾ രക്ഷിക്കപ്പെടുകയും യേശുക്രിസ്തുവിനെ അറിയുകയും ചെയ്താൽ, നിങ്ങൾക്ക് വളരെ വിലയുള്ള ഒരു അപൂർവ്വ മുത്തുണ്ട്. ഈ മഹത്തായ രക്ഷയെക്കുറിച്ച് ആരോടെങ്കിലും പറയുക, അവരും നിത്യജീവൻ പ്രാപിക്കട്ടെ. ■

if Undelivered
Please return to:

***Contact:***
The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**
പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര - 691531
കേരള.

ദൈവ നാമം മഹത്വപ്പെടട്ടെ.

Chief Editor
**Michael W. Smith**

Malayalam Editor:
**Mathew Joseph**

Asst. Editor
**Baby Mathew**

Publisher:
**Biju J. Varghese**